പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംബർ 1130 — 29.09.2011 -ലെ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ കോഴിബസാർ-സുൽത്താൻതോട് പാലത്തിന്റ അപ്രോച്ച്റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളെ മറ്റു പ്രദേശങ്ങളുമായി കൂട്ടിയോജിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാലമായ കോഴിബസാർ-സുൽത്താൻ തോട് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണം സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) . ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) കോഴി ബസാർ സുൽത്താൻ തോട് പാലം അനുബന്ധ റോഡിന്റെ നിർമ്മാണത്തിനായി ഗവ: ഉത്തരവ് നമ്പർ 369/2011/പി.ഡബ്ല്യൂ.ഡി തീയതി 26.02.2011 പ്രകാരം 135 ലക്ഷം രൂപയുടെ ഭരണാനുമതിയും നമ്പർ 4/സി.ഇ/ആർ/2011 തീയതി 30/5/2011 പ്രകാരം 32 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി 06.06.2011 തീയതിക്ക് പ്രവൃത്തി, സൂപ്രണ്ടിംഗ് എൻജിനീയർ (ആർ&ബി) കോഴിക്കോട് ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അധിക തുക ക്വോട്ട് ചെയ്തതിനാൽ ടെണ്ടർ അംഗീകാരത്തിനായി ടെണ്ടർ കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

— —